"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ സതീഷ് കുമാർ വി-യുടെ അവിവാഹിതനായ സഹോദരൻ ശ്രീ സജികുമാർ വി ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (കെ) വകുപ്പ്

സ.ഉ.(കൈ) നം.260/2024/HOME    തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി)നം. 12/99/ഉ.ഭ.പ.വ.
2. സംസ്ഥാന പോലീസ് മേധാവിയുടെ 03/12/2020 ലെ എം4(എ)-75997/2018/പി.എച്ച്.ക്യു നമ്പർ കത്ത്.
3. ശ്രീ സജികുമാർ വി - യുടെ 12/02/2024 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. സംസ്ഥാന പോലീസ് മേധാവിയുടെ 22/06/2024 ലെ എം4(എ)-45915/2024/പി.എച്ച്.ക്യു നമ്പർ കത്ത്.
5. ശ്രീ സജികുമാർ വി 30/07/2024 തീയതി ലഭ്യമാക്കിയ 17/07/2024 തീയതിയിലെ വിശദീകരണം.

<u>ഉത്തരവ്</u>

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 25/09/2017-ൽ നിര്യാതനായ സതീഷ് കുമാർ വി-യുടെ അവിവാഹിതനായ സഹോദരൻ ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിലേക്ക് 04/04/2018-ൽ അപേക്ഷ സമർപ്പിച്ചിരുന്നതായും, എന്നാൽ പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി അപേക്ഷകന് അധികരിച്ചതിനാൽ ടി അപേക്ഷ നിരസിച്ചിരുന്നതായും പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. തുടർന്ന് ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേക്ക് ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത അപേക്ഷ പരാമർശം 4 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് പ്രായപരിധിയിൽ ഇളവുണ്ടെന്ന് തനിക്ക് അറിയില്ലായിരുന്നെന്നും, ആയതിനാലാണ് പരാമർശം 3 പ്രകാരം ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിൽ കാലതാമസം ഉണ്ടായതെന്നും പരാമർശം 5 പ്രകാരം അപേക്ഷകൻ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മേജർ ആണെങ്കിൽ, പരേതന്റെ മരണതീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സതീഷ് കുമാർ വി-യുടെ മരണ സമയത്ത് മേജർ ആയിരുന്ന അപേക്ഷകൻ (**ജനന തീയതി - 23/11/1976**)

പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണം സഹിതം ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 4 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് പ്രായപരിധിയിൽ ഇളവുണ്ടെന്ന് തനിക്ക് അറിയില്ലായിരുന്നതുകൊണ്ടാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നുള്ള ശ്രീ സജികുമാർ വി-യുടെ വിശദീകരണം പരിഗണിച്ച്, പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 25/09/2017-ൽ നിര്യാതനായ സതീഷ് കുമാർ വി-യുടെ അവിവാഹിതനായ സഹോദരൻ ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 4 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ സജികുമാർ വി ശ്രീ ഭവനം, പുതിയവിള, പട്ടോളി മാർക്കറ്റ് പി ഒ, കായംകുളം - 690531

പൊതുഭരണ (എസ്.സി വകുപ്പ്) 27/11/2024-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ ഇനം നം. 2521 പ്രകാരം)

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Manoj Kumar. M. S
സെക്ഷൻ ഓഫീസർ
Date: 30-11-2024 11:12:10

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-11-2024

ഫയൽ നം. കെ3/238/2020/ആഭ്യന്തരം. ഇനം നം: 2521

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. സജികുമാർ. വി ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2521

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1 ഫയൽ നമ്പർ | കെ3/ 238/ 2020/ ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (കെ) വകുപ്പ് |
| 3. വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ സജികുമാർ വി ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23/ 10/ 2024 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അല്ല |
| (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി ജയന്തി ബി എസ് |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/ 11/ 2024 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/ 11/ 2024 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20/ 11/ 2024 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22/ 11/ 2024 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ശ്രീ സജികുമാർ വി സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 25/09/2017-ൽ നിര്യാതനായ സതീഷ് കുമാർ വി-യുടെ അവിവാഹിതനായ സഹോദരൻ ആലപ്പുഴ, കായംകുളം, പട്ടോളി മാർക്കറ്റ്, പുതിയവിള ശ്രീഭവനത്തിൽ ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിലേക്ക് 04/04/2018-ൽ അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി അപേക്ഷകന് അധികരിച്ചതിനാൽ അപേക്ഷ സംസ്ഥാന പോലീസ് മേധാവി നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേക്ക് ആശ്രിത നിയമനം ആവശ്യപ്പെട്ട് 12/02/2024 ലെ അപേക്ഷ സമർപ്പിച്ചു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് പ്രായപരിധിയിൽ ഇളവുണ്ടെന്ന് തനിക്ക് അറിയില്ലായിരുന്നെന്നും ആയതിനാലാണ് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നും അപേക്ഷകൻ 17/07/2024 ലെ വിശദീകരണം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) പരേതന്റെ മരണ സമയത്ത് അപേക്ഷകൻ മേജറാണെങ്കിൽ, പരേതന്റെ മരണതീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No.12/99/P&ARD-യിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സതീഷ് കുമാർ വി-യുടെ മരണ സമയത്ത് മേജർ ആയിരുന്ന അപേക്ഷകൻ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന

അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള വിശദീകരണം സഹിതം ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 4 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4) നിലവിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുവാൻ വരുത്തിയ കാലതാമസം മാപ്പാക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ രണ്ട് വർഷത്തിൽ കൂടുതൽ കാതലാമസമുള്ള അപേക്ഷകൾ തക്കതായ കാരണമില്ലാതെ മന്ത്രിസഭയ്ക്ക് മുൻപാകെ കൊണ്ടുവരാൻ പാടില്ലായെന്ന് 07.04.2022 ലെ ഉ.പ.സി 02/88/2022/ഉ.ഭ.പ.വ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് പ്രായപരിധിയിൽ ഇളവുണ്ടെന്ന് തനിക്ക് അറിയില്ലായിരുന്നതുകൊണ്ടാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നുള്ള ശ്രീ സജികുമാർ വി-യുടെ വിശദീകരണം പരിഗണിച്ച് ടിയാൻ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ 4 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും കാലതാമസം മാപ്പാക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

5) ആശ്രിതനിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

<u>തീരുമാനിക്കേണ്ട സംഗതി</u>

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 25/09/2017-ൽ നിര്യാതനായ സതീഷ് കുമാർ വി-യുടെ അവിവാഹിതനായ സഹോദരൻ ശ്രീ സജികുമാർ വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 4 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും കാലതാമസം മാപ്പാക്കി നൽകാവുന്നതാണോ ?